# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3019**

**21.08.2017 - ൽ**
**മറുപടിയ്ക്ക്**

### വിത്തുകൾ, വളം, ജൈവ കീടനാശിനി എന്നിവയുടെ വിപണനം

**ചോദ്യം**
**ശ്രീ.സി. ദിവാകരൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കാർഷിക സർവ്വകലാശാലയിൽ ഗവേഷണം നടത്തി ഉൽപാദിപ്പിക്കുന്ന വിത്തുകൾ, വളം, ജൈവ കീടനാശിനി എന്നിവയുടെ വിപണനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **എ)** നിലവിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ ഗവേഷണ കേന്ദ്രങ്ങളിലും, അവിടെ ഉൽപാദിപ്പിക്കുന്ന വിത്തുകൾ, വളം, ജൈവ കീടനാശിനി മുതലായവയുടെ വിൽപ്പന നടത്തുന്നതിനായി വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സർവ്വകലാശാലയുടെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന വിപണന വസ്തുക്കൾ സർവ്വകലാശാലയുടെ ആസ്ഥാനത്തുള്ള അഗ്രികൾച്ചർ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (ATIC)ൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുമുണ്ട്. കൂടാതെ ഉത്പാദന ക്ഷമത കൂടിയ നെല്ലിനങ്ങൾ സംസ്ഥാന വിത്തു വികസന അതോറിറ്റി വഴിയും വിതരണം ചെയ്തു വരുന്നു. |
| **ബി)** തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് വിപണന കേന്ദ്രങ്ങളുള്ളതെന്ന് വ്യക്തമാക്കുമോ; തിരുവനന്തപുരം നഗരത്തിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | **ബി)** കേരള കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരത്തുള്ള ഗവേഷണ കേന്ദ്രങ്ങളായ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി, നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം, ഐ.എഫ്.എസ്.ആർ.എസ്., കരമന എന്നീ ഇടങ്ങളിൽ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഉചിതമായ സ്ഥല സൗകര്യങ്ങൾ ലഭിയ്ക്കുന്നമുറയ്ക്ക് തിരുവനന്തപുരം നഗരത്തിൽ വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ് എന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ